**പതിമൂന്നാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

## രണ്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2004-2006)-യുടെ പത്താമത് റിപ്പോർട്ടിലെ
(കണ്ണൂർ, കാസർഗോഡ് ജില്ലാ ആശുപത്രികളുടെ പ്രവർത്തനം
സംബന്ധിച്ച്) ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിൻമേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

(2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011-2014)

## രണ്ടാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2004-2006)-യുടെ പത്താമത് റിപ്പോർട്ടിലെ (കണ്ണൂർ, കാസർഗോഡ് ജില്ലാ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച്) ശുപാർശകളിൻമേൽ/നിർദ്ദേശങ്ങളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

1174/2012.

ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III : | ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 17 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

,, എം. എ. ബേബി ,,

,, എ. കെ. ബാലൻ ,,

,, ഡൊമിനിക് പ്രസന്റേഷൻ ,,

,, ഇ. പി. ജയരാജൻ ,,

,, സി. മോയിൻകുട്ടി ,,

,, കെ. മുരളീധരൻ ,,

,, കെ. രാജു ,,

,, എ. കെ. ശശീന്ദ്രൻ ,,

,, സി. എഫ്. തോമസ് ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ (സെക്രട്ടറി-ഇൻ-ചാർജ്)

,, കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2012 ജൂലൈ മാസം 16-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2012 ജൂലൈ 16.

വി. ഡി. സതീശൻ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2004-06)-യുടെ പത്താമത് റിപ്പോർട്ട് (കണ്ണൂർ, കാസർഗോഡ് ജില്ലാ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) 9-7-2004-ൽ നിയമസഭയിൽ സമർപ്പിക്കുക യുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 32 ശുപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

2. ശുപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതി ന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 20-10-2004-ൽ സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 21-1-2009, 20-5-2009, 13-1-2010, 7-6-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ പരിഗണിച്ചു. ഖണ്ഡിക 9, 10, 12, 14, 19, 22, 23, 25, 27, 28, 38 എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച മറുപടികൾ 20-5-2009-ന് ചേർന്ന സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഖണ്ഡിക 10, 14, 15, 16, 17, 21, 23, 24, 25, 26, 27, 28, 37, 40, 43, 46, 49, 51, 52, 53, 54 എന്നിവയ്ക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും ലഭിച്ച മറുപടികൾ 13-1-2010, 7-6-2012 എന്നീ തീയതികളിൽ ചേർന്ന സമിതി പരിഗണിക്കു കയും അംഗീകരിക്കുകയും ചെയ്തു.

3. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന്, സമിതി അംഗീകരിച്ചതും താഴെപ്പറയുന്നതുമായ ഏതാനും ശുപാർശകൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

4. കണ്ണൂർ ജില്ലാ ആശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ഡീസൽ ഇൻസി നറേറ്റർ തന്നെ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. തടവുകാർക്കുള്ള സെല്ലിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികൾക്ക് സമിതി നിർദ്ദേശിച്ച എല്ലാ സൗകര്യങ്ങളും ലഭ്യമാകുന്നു (10-ാമത് റിപ്പോർട്ട്, ശുപാർശ 9, ഖണ്ഡിക 16) എന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ജില്ലാ ആശുപത്രികളിലെ ഒഴിവുള്ള ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒഴിവുകൾ പൂർണ്ണമായി നികത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. ജില്ലാ ആശുപത്രികളിൽ ആംബുലൻസ് സൗകര്യം ഉണ്ടെന്ന് ഉറപ്പ് വരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. സ്വകാര്യ നഴ്സിംഗ് സ്കൂൾ കുട്ടികളുടെ ബാഹുല്യം നിമിത്തം സർക്കാർ സ്ഥാപനങ്ങളിലെ നഴ്സിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് ക്ലിനിക്കൽ ട്രെയി നിംഗിനുള്ള അവസരം നിഷേധിക്കാൻ പാടില്ലെന്ന ഉത്തരവ് കർശനമായി പാലിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം എല്ലായ്പ്പോഴും ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. ഓപ്പറേഷനുകൾ ആവശ്യമായിവരുന്ന ഘട്ടങ്ങളിൽ ജില്ലാ ആശുപത്രികളിൽ തന്നെ നടത്തുവാൻ കഴിയുന്ന ഓപ്പറേഷനുകൾ ഇതേ ആശുപത്രിയിൽ നടത്തുന്നു എന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. കാസർഗോഡ് ജില്ലാ ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയപ്പോൾ പുതുതായി ആരംഭിച്ച വിഭാഗങ്ങളിലെ (മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം, മനോരോഗ വിഭാഗം, ത്വക്ക് രോഗ വിഭാഗം, അനസ്തിയോളജി വിഭാഗം) ഡോക്ടർമാരുടെ തസ്തികകൾ നികത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. പകർച്ചവ്യാധികൾ വ്യാപകമായ ഈ കാലഘട്ടത്തിൽ രക്ത പരിശോധന പോലുള്ളവ നടത്തുന്നതിന് പാരാമെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകൾ കർശനമായി നികത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. സമിതിയുടെ ശുപാർശകൾക്ക് സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് ലഭിച്ച നടപടി കുറിപ്പുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

14. സർക്കാരിൽ നിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ചവയും അവയ്ക്ക് ആധാരമായ ശുപാർശകളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിൽ സമിതി വീണ്ടും ആവശ്യപ്പെട്ട അധിക വിവരങ്ങൾ 3-ാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം 3-ലെ അധിക വിവരങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം II

## ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ (ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്.)

### ശുപാർശ 1 (ഖണ്ഡിക 6)

രാത്രികാലങ്ങളിൽ ലേഡി ഡോക്ടർമാർ അടക്കമുള്ള സ്പെഷ്യലിസ്റ്റുകൾ മറ്റ് വാഹനങ്ങളിൽ വരേണ്ടിവരുന്നതിലെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ ആവശ്യത്തിനായി ആശുപത്രി വക വാഹനവും അതിന് ഡ്രൈവറേയും നിയോഗിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

രാത്രികാലങ്ങളിൽ ഡോക്ടർമാരെ വിളിക്കുന്നതിന് പി. പി. യൂണിറ്റിന് അനുവദിച്ചിരിക്കുന്ന വാഹനം ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഡ്രൈവറുടെ തസ്തിക

കുറവായതിനാൽ എച്ച്.ഡി.സി. മുഖേന ഡ്രൈവറുടെ സേവനം ലഭ്യമാക്കുന്ന തിനുംവേണ്ട നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ലഭിച്ചിരിക്കുന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

സർക്കാർ നൽകിയ മറുപടി

രാത്രികാലങ്ങളിൽ ലേഡീ ഡോക്ടർമാർ അടക്കമുള്ള സ്പെഷ്യലിസ്റ്റുകൾ മറ്റ് വാഹനങ്ങളിൽ വരേണ്ടിവരുന്നതിലെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ ആവശ്യ ത്തിനായി ആശുപത്രിവക വാഹനവും അതിന് ഡ്രൈവറേയും നിയോഗിച്ചിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കായി KL-01 AV 5507-ാം നമ്പർ ഇൻഡിക്ക വാഹനം ഉപയോഗിച്ചു വരുന്നു. ഡ്രൈവർമാരുടെ സേവനം 24 മണിക്കൂറും ആശുപത്രിയിൽ ലഭ്യമാണ്.

ശുപാർശ 2 (ഖണ്ഡിക 7)

കേന്ദ്ര ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടതും ആശുപത്രിക്ക് സമീപമുള്ളതുമായ സ്ഥലം ആശുപത്രി വികസനത്തിനായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ മെന്ന 1987-88-ലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 4-ാമത് റിപ്പോർട്ടിൽ സമിതി വീണ്ടും ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശയിന്മേൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിനാൽ സമിതിക്കുള്ള കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നതോ ടൊപ്പം പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്ക ണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലാ ആശുപത്രി മുൻവികസന സമിതി യോഗം, അഡ്വ. ടി. വി. ബാലകൃഷ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ ഒരു സമിതി കമാൻഡിംഗ് ഓഫീസുമായി ബന്ധപ്പെടുകയും സ്ഥലം ലഭിക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മിറ്റി ഒരു നിവേദനം തയ്യാറാക്കി കേന്ദ്രമന്ത്രി ആയിരുന്ന ശ്രീ. ഒ. രാജഗോപാൽ മുഖാന്തിരം ശുപാർശ ചെയ്ത് പ്രതിരോധ മന്ത്രാല യത്തിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. മേൽ നിവേദനം പ്രതിരോധ മന്ത്രാലയത്തിൽ ലഭിച്ചതായും ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റി ലേയ്ക്ക് അയച്ച് കൊടുത്തതായും 29-4-2004-ലെ സി.ഒ.നം.ഒ.എസ്.ഡി/എം.എസ്./ഡി. & പി.എ./ആർ. 814/03/6455 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ലഭിച്ചിരിക്കുന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

സർക്കാർ നൽകിയ മറുപടി

കന്റോൺമെന്റിന്റെ അധീനതയിലുള്ള സ്ഥലം, ജില്ലാ ആശുപത്രിക്ക് ലഭിക്കുന്ന തിനുവേണ്ടി എച്ച്.ഡി.സി.-യുടെ നേതൃത്വത്തിൽ അന്നത്തെ കേന്ദ്രമന്ത്രി (ഡിഫൻസ് & പാർലമെന്ററി അഫയേഴ്സ്) ആയ ശ്രീ. ഒ. രാജഗോപാൽ മുഖാന്തിരം ബന്ധപ്പെട്ട വകുപ്പിന് അപേക്ഷ നൽകിയിരുന്നു. എന്നാൽ ഡി.എസ്.ബി./ടെറിട്ടോറിയൽ ആർമി/ കേന്ദ്ര പ്രതിരോധ മന്ത്രാലയം അധികാരികളിൽനിന്നും ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും 13-2-2012-ന് ചേരുന്ന ആശുപത്രി വികസന സമിതി യോഗത്തിൽ ഇത് സംബന്ധിച്ച വിഷയം ഒരു അജണ്ടയാക്കി ചർച്ച ചെയ്ത് മേൽ നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ 3 (ഖണ്ഡിക 8)

ഇന്റൻസീവ് കൊറോണറി കെയർ യൂണിറ്റിലെ ഫിസിഷ്യന്റെ ഒഴിവ് നികത്തുന്ന തിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലാ ആശുപത്രിയിൽ സിവിൽ സർജന്റെ നിലവിലുണ്ടായിരുന്ന മൂന്നൊഴിവുകളിൽ രണ്ടെണ്ണം നികത്തിയിട്ടുണ്ട്. ഒരു തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചുവരുന്നു. സർജറി, അനസ്തേഷ്യാ വിഭാഗത്തിൽ സിവിൽ സർജന്മാരെ നിയമിക്കുന്നതാണ്. ഒരു ഫിസിഷ്യൻ ജോലി ചെയ്യുന്നുണ്ട്. ടി ആശുപത്രിയിൽ അസിസ്റ്റന്റ് സർജന്മാരുടെ അഞ്ച് ഒഴിവുകളിൽ നാലെണ്ണവും നികത്തിയിട്ടുണ്ട്. ഫോറൻസിക് വിഭാഗത്തിലെ അസിസ്റ്റന്റ് സർജന്റെ ഒഴിവിൽ ലഭ്യതയനുസരിച്ച് നിയമനം നടത്തുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

വിശദമായ റിപ്പോർട്ട് സമർപ്പിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ ജില്ലാ ആശുപത്രിയിലെ ഐ.സി.സി.യു.വിന്റെ പ്രവർത്തനം കാര്യക്ഷമമായിട്ടാണ് നടന്നുവരുന്നത്. ഇതിനായി ആശുപത്രിയിൽ നിലവിലുള്ള ഒരു ഫിസിഷ്യന്റെ സേവനം ഉപയോഗപ്പെടുത്തിവരുന്നു.

അസിസ്റ്റന്റ് സർജൻ ആയി തുടരുന്നവരിൽ പി. ജി. യോഗ്യത ഉള്ളവരിൽനിന്നും ഓപ്ഷൻ വാങ്ങി സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെടുത്തി നിയമനം നൽകി ഈ ഒഴിവ് നികത്തുന്നതിനായുള്ള നടപടികൾ ഊർജിതമായി നടന്നുവരുന്നു.

ശുപാർശ 4 (ഖണ്ഡിക 9)

ഒഴിഞ്ഞുകിടക്കുന്ന അനസ്തേഷ്യാ ഡോക്ടർമാർക്കുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യ വകുപ്പ്)</u>

ഓപ്പറേഷൻ തീയേറ്ററുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. നിലവിൽ 2 കൺസൾട്ടന്റുമാർ (അനസ്തേഷ്യ) ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്. നിലവിൽ ഒഴിവുള്ള ഒരു അനസ്തേഷ്യ തസ്തികയിൽ നിയമനം നടത്തേണ്ടതുണ്ട്.

അസിസ്റ്റന്റ് സർജൻ ആയി തുടരുന്നവരിൽ പി.ജി. യോഗ്യത ഉള്ളവരിൽനിന്നും ഓപ്ഷൻ വാങ്ങി സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെടുത്തി ഈ ഒഴിവ് നികത്തുന്നതിനായുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണം)</u>

കാസർഗോഡ് ജില്ലയിൽ അനസ്തേഷ്യ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ 2 അനസ്തേഷ്യ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

<u>ശുപാർശ 5 (ഖണ്ഡിക 10)</u>

നവജാതശിശു തീവ്രപരിചരണ വിഭാഗത്തിനായുള്ള കെട്ടിടം പണി എത്രയുംവേഗം തുടങ്ങണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കണ്ണൂർ ജില്ലാ ആശുപത്രിയിൽ നവജാതശിശു തീവ്രപരിചരണ വിഭാഗത്തിനുള്ള കെട്ടിടം പണി പൂർത്തിയാക്കി. പ്രസ്തുത യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു.

<u>ശുപാർശ 6 (ഖണ്ഡിക 12)</u>

ബ്ലഡ് ബാങ്കിൽ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽവരുന്ന ടെക്നീഷ്യന്റെ ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണം)</u>

കാസർഗോഡ് ജില്ലയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്പോൾ ടെക്നീഷ്യന്റെ ഒഴിവില്ല.

<u>ശുപാർശ 6 (ഖണ്ഡിക 12)</u>

24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കിൽ നിന്ന് നഗരത്തിനകത്തും പുറത്തുമുള്ള ആശുപത്രികളിലേക്ക് രക്തം നൽകുന്നു. എച്ച്.ഡി.സി.യുടെയും കെ.എസ്.എ.സി.എസ്.-ന്റെയും ടെക്നീഷ്യന്മാരാണ് ഇവിടെ ജോലി ചെയ്യുന്നത്. ബ്ലഡ് ബാങ്കിൽ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന ടെക്നീഷ്യന്റെ ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽനിന്നും ലഭിച്ച മറുപടി</u>

പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

അന്തിമ മറുപടി ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യ വകുപ്പ്)

കണ്ണൂർ ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ 2 ഒഴിവുകൾ എച്ച്. എം.സി. മുഖാന്തിരം നിയമനം നടത്തിയിട്ടുണ്ട്. ഈ ഒഴിവുകൾ സ്ഥിര നിയമനത്തി നായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശുപാർശ 7 (ഖണ്ഡിക 14)

വൈദ്യുതി ബോർഡിന്റെ കുടിശ്ശിക തീർക്കുന്നതിനുള്ള തുക അനുവദിക്കണ മെന്നും വൈദ്യുതി ലോൺട്രി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണം)

കാസർഗോഡ് ജില്ലയിൽ വൈദ്യുതി കുടിശ്ശിക മുഴുവനും അടച്ചു തീർത്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ വൈദ്യുതി കുടിശ്ശിക അടച്ചുതീർക്കുകയും പവ്വർ ലോൺട്രിയുടെ അറ്റകുറ്റപ്പണി തീർത്ത് പ്രവർത്തന സജ്ജമാക്കി തീർക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ നൽകിയ മറുപടി (ആരോഗ്യ വകുപ്പ്)

വൈദ്യുതി ബോർഡിന് കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല. പവർ ലോൺട്രി സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു.

ശുപാർശ 8 (ഖണ്ഡിക 15)

ഇലക്ട്രിക് ഇൻസിനറേറ്ററിനുപകരം ഡീസൽ ഇൻസിനറേറ്റർ അനുവദിക്കണമെന്ന് ജില്ലാ ആശുപത്രി അധികൃതർ അപേക്ഷിച്ചിട്ടുള്ളതിനാൽ ഇലക്ട്രിക് കണക്ഷൻ കിട്ടുന്ന തിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ഡീസൽ ഇൻസിനറേറ്റർ അനുവദിച്ചു നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലാ ആശുപത്രിയിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി 'ഇമേജു'മായി ധാരണയുണ്ട്. അപ്രകാരം മാലിന്യം നീക്കം ചെയ്യുന്നു.

ശുപാർശ 9 (ഖണ്ഡിക 16)

തടവുകാർക്കായുള്ള സെല്ലിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികൾക്ക് ജയിലിൽനിന്നും ഭക്ഷണം (റേഷൻ) ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന ദിവസം മുതൽക്കുതന്നെ എത്തിച്ചുകൊടുക്കുന്നതിനും പുറമേനിന്ന് ലഭ്യമാക്കേണ്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനും തടവുകാരെ പരിശോധനകൾക്കും മെഡിക്കൽ

കോളേജിലേക്കും യഥാസമയം കൊണ്ടുപോകുന്നതിനും ആവശ്യമായ പോലീസുകാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തടവുകാർക്കായുള്ള സെല്ലിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് ഭക്ഷണം, മരുന്നുകൾ എന്നിവ പ്രവേശിപ്പിക്കുന്ന ദിവസം മുതൽതന്നെ എത്തിച്ചുകൊടുക്കുന്നുണ്ട്.

<u>ശുപാർശ 10 (ഖണ്ഡിക 17)</u>

ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒഴിവുകൾ ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവുകാരണം രോഗികളുടെ എണ്ണത്തിൽ കണ്ടുവരുന്ന കുറവ് കണക്കിലെടുത്ത് ഗൈനക്കോളജി, ഓർത്തോപീഡിക്സ്, സർജറി, അനസ്തേഷ്യ, റേഡിയോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ സ്ഥിരനിയമനം ആകുന്നതുവരെയുള്ള കാലയളവിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

താഴെപ്പറയുന്ന ഡോക്ടർമാരുടെ ഒഴിവുകൾ കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിലവിലുണ്ട്:

| | | | |
|---|---|---|---|
| (1) | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | .. | 1 |
| (2) | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | .. | 1 |
| (3) | കൺസൾട്ടന്റ് (ഗൈനക്കോളജി) | .. | 2 |
| (4) | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | .. | 1 |
| (5) | കൺസൾട്ടന്റ് (ഓർത്തോ) | .. | 1 |
| (6) | കൺസൾട്ടന്റ് (സർജറി) | .. | 2 |
| (7) | കൺസൾട്ടന്റ് (റേഡിയോളജി) | .. | 1 |
| (8) | ചീഫ് കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | .. | 1 |
| (9) | കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | .. | 1 |

മേൽപ്പറഞ്ഞ ഒഴിവുകളിൽ അസിസ്റ്റന്റ് സർജന്മാരായി തുടരുന്നവരിൽ പി. ജി. യോഗ്യത ഉള്ളവരിൽനിന്നും ഓപ്ഷൻ വാങ്ങി സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതാണ്. കൂടാതെ 2-6-2011-ലെ ജി.ഒ. (ആർടി.) നമ്പർ 2135/11/ ആ.കു.വ. പ്രകാരം അഡ് ഹോക് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിനു വേണ്ട നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

ശുപാർശ 11 (ഖണ്ഡിക 18)

പാരാമെഡിക്കൽ, നഴ്സിംഗ്, എക്സ്റേ എന്നീ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പ്രസ്തുത ഒഴിവുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

അന്തിമ മറുപടി ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലാ ആശുപത്രിയിൽ ദന്തൽ ഹൈജീനിസ്റ്റിന്റെ 2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലില്ലാത്തതുമാണ്.

ശുപാർശ 12 (ഖണ്ഡിക 19)

ആശുപത്രി ശുചീകരണ ജോലികൾക്കായി മതിയായ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ആശുപത്രി വികസന സമിതി മുഖേനയോ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പാർട്ട് ടൈം സ്വീപ്പർമാർ, രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർമാർ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുവാൻ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം:

വിശദമായ റിപ്പോർട്ട് സമർപ്പിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രി ശുചീകരണ ജോലികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അഭിമുഖം നടത്തി മതിയായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിൽ ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്.

ശുപാർശ 13 (ഖണ്ഡിക 22)

കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഇപ്പോൾ രണ്ട് ആംബുലൻസുകൾ ഉണ്ട്. പ്രധാനമായും ഔദ്യോഗികാവശ്യങ്ങൾക്കും ആദിവാസികൾക്കും നിർദ്ധനരായ രോഗികൾക്കുമായിട്ടാണ് ഇവ ഉപയോഗപ്പെടുത്തുന്നത്. ആശുപത്രി വളപ്പിൽ 4 വാഹനങ്ങൾ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ വാഹനങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്നവ റിപ്പയർ നടത്തി ഉപയോഗയോഗ്യമാക്കണമെന്നും അല്ലാത്തവ അടിയന്തിരമായി ലേലം ചെയ്ത് വിൽക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രി പരിസരത്ത് കിടന്നിരുന്നത് ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളായിരുന്നു. അവയെല്ലാ ലേലം ചെയ്ത് വിറ്റുകഴിഞ്ഞു. ഇപ്പോൾ ആശുപത്രികളിൽ ഉപയോഗ ശൂന്യമായ വാഹനങ്ങൾ ഒന്നും തന്നെയില്ല.

സമിതി ആവശ്യപ്പെട്ട അധികവിവരം

വിശദമായ റിപ്പോർട്ട് സമർപ്പിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഇപ്പോൾ 6 വാഹനങ്ങളുണ്ട്. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(1) KL-01 AV 5507—റ്റാറ്റ ഇൻഡിക

(2) KL-01 AB 7725—ഐഷർ ആംബുലൻസ്

(3) KL-01 L 9119—സ്വരാജ് മസ്ദ

മേൽപ്പറഞ്ഞ വാഹനങ്ങൾ ആശുപത്രിയുടെ ദൈനംദിന ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗിച്ചുവരുന്നു.

(4) KL-01 Q 1146—സ്വരാജ് മസ്ദ

ടി വാഹനം റിപ്പയർ ചെയ്യുന്നതിന്റെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(5) KL-13 V 6351—ഒമ്നി ആംബുലൻസ്

ടി വാഹനം അപകടത്തെ തുടർന്ന് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജില്ലാ ആശുപത്രിക്ക് തിരികെ ലഭ്യമാക്കുന്നതാണ്.

(6) KL-13 A 9040—ടെമ്പോ മെറ്റഡോർ

ടി വാഹനം അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിക്കാത്തതിനാൽ കണ്ടം ചെയ്യുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1174/2012.

ശുപാർശ 14 (ഖണ്ഡിക 23)

ജില്ലാ ആശുപത്രിയിലേയ്ക്കുള്ള ജലവിതരണം, വൈദ്യുതി വിതരണം എന്നിവ തടസ്സപ്പെടാതിരിക്കാനായി വാട്ടർ അതോറിറ്റിക്കും വൈദ്യുതി ബോർഡിനും നൽകാനുള്ള തുക തവണകളായെങ്കിലും കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണം)

വാട്ടർ അതോറിറ്റിക്കും വൈദ്യുതി ബോർഡിനും നൽകാനുള്ള തുക പൂർണ്ണമായും നൽകിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യം)

ജില്ലാ ആശുപത്രിയിൽ ചെലവാകുന്ന വെള്ളത്തിനും വൈദ്യുതിക്കും നൽകേണ്ട തുക കുടിശ്ശിക വരാത്തവിധം ആശുപത്രി വികസന സമിതി ഫണ്ടിൽനിന്നും വായ്പ യായി അടയ്ക്കുകയും ജില്ലാ പഞ്ചായത്തിൽനിന്നും ഫണ്ട് ലഭിക്കുമ്പോൾ തിരികെ നൽകുകയും ചെയ്തുവരുന്നു. ആയതിനാൽ വാട്ടർ അതോറിറ്റിക്കും വൈദ്യുതി ബോർഡിനും കുടിശ്ശിക ഒന്നുംതന്നെയില്ല.

ശുപാർശ 15 (ഖണ്ഡിക 24)

മോർച്ചറിയിൽ സൂക്ഷിച്ചിട്ടുള്ള ആന്തരികാവയവങ്ങളുടെ ആവശ്യം കഴിഞ്ഞാലുടൻ അവ നശിപ്പിക്കുന്നതിനുള്ള അറിയിപ്പ് നൽകുന്നതിന് ആഭ്യന്തര വകുപ്പ് ശ്രദ്ധിക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പോസ്റ്റ്മോർട്ടം നടത്തുന്നതിനും മൃതദേഹം സൂക്ഷിക്കാനുള്ള സൗകര്യങ്ങളും (മൊബൈൽ ഫ്രീസറും ഫിക്സഡ് ഫ്രീസറും) നിലവിലുണ്ട്. ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതിനുള്ള പ്രത്യേക ഷെൽഫുകളും നിലവിലുണ്ട്. ആന്തരികാവയവങ്ങൾ പോലീസിന്റെ പ്രത്യേക അപേക്ഷ പ്രകാരമോ പത്തോളജിക്കൽ റിപ്പോർട്ട് ലഭ്യമാകുന്ന തിനുള്ള കാലതാമസംമൂലമോ പ്രത്യേകമായി സൂക്ഷിക്കുന്നുണ്ട്. അല്ലാത്തവ യഥാസമയംതന്നെ നശിപ്പിച്ചുകളയുന്നുമുണ്ട്.

ശുപാർശ 16 (ഖണ്ഡിക 25)

നിലവിലുള്ള മോർച്ചറിക്കുപകരം ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു മോർച്ചറി നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണം)

കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യം)

ജില്ലാ ആശുപത്രിയിൽ നിലവിലുള്ള മോർച്ചറിയിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഇതിനകംതന്നെ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു.

ശുപാർശ 17 (ഖണ്ഡിക 26)

നഴ്സിംഗ് പരിശീലനത്തിനായി എത്തുന്ന സ്വകാര്യ നഴ്സിംഗ് സ്ക്കൂൾ കുട്ടികളുടെ ബാഹുല്യം നിമിത്തം ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂൾ വിദ്യാർത്ഥികളുടെ അവസരം നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകരുത്.

സർക്കാർ സ്വീകരിച്ച നടപടി

'സ്വകാര്യ നഴ്സിംഗ് സ്ക്കൂൾ കുട്ടികളുടെ ബാഹുല്യം നിമിത്തം ഗവൺമെന്റ് നഴ്സിംഗ് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് അവസരം നഷ്ടമാകുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാരുമായി നഴ്സിംഗ് കോഴ്സുകൾക്ക് അഡ്മിഷനും ഫീസും സംബന്ധിച്ച് ധാരണയിലായ സ്വാശ്രയ നഴ്സിംഗ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നിശ്ചിത ഫീസടച്ചാൽ സർക്കാരാശുപത്രികളിലെ സൗകര്യം ക്ലിനിക്കൽ പരിശീലനത്തിനായി നൽകി വരാറുണ്ട്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ നഴ്സിംഗ് സ്ഥാപനങ്ങളുടെ എണ്ണം അധികമായതിനാൽ ഒരു നിയന്ത്രണം വയ്ക്കുന്നത് ഉചിതമായിരിക്കും എന്നതിനാൽ സ്വാശ്രയ നഴ്സിംഗ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നൽകുമ്പോൾ സർക്കാർ സ്ഥാപനങ്ങളിലെ കുട്ടികളുടെ അവസരം നിഷേധിച്ചുകൊണ്ടാകരുതെന്ന് 4-2-2012-ലെ 5905/സി.3/2008/ആ.ക.വ. കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്'.

ശുപാർശ 18 (ഖണ്ഡിക 27)

കണ്ണൂർ ജില്ലാ ആശുപത്രി കെട്ടിടങ്ങളുടെ വാർഷിക മെയിന്റനൻസും അത്യാവശ്യ അറ്റകുറ്റപ്പണികളും അടിയന്തിരമായി നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ആശുപത്രി കെട്ടിടങ്ങളുടെ വാർഷിക മെയിന്റനൻസും അറ്റകുറ്റപ്പണികളും നടത്തിയിട്ടുണ്ട്.

ശുപാർശ 19 (ഖണ്ഡിക 28)

ആർ.എം.ഒ. ക്വാർട്ടേഴ്സ്, നഴ്സുമാരുടെ ക്വാർട്ടേഴ്സ് എന്നിവ അടിയന്തിരമായി പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി (തദ്ദേശസ്വയംഭരണം വകുപ്പ്)</u>

ജില്ലാ പഞ്ചായത്തിന് ജില്ലാ ആശുപത്രി മാത്രമേ വിട്ടുതന്നിട്ടുള്ളു. ആർ.എം.ഒ. ക്വാർട്ടേഴ്സ് നഴ്സുമാരുടെ ക്വാർട്ടേഴ്സ് എന്നീ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ഡിവിഷൻ ആണ് നടത്തിവരുന്നത്.

<u>സർക്കാർ സ്വീകരിച്ച നടപടി (ആരോഗ്യ വകുപ്പ്)</u>

ക്വാർട്ടേഴ്സുകൾ പുതുക്കി പണിയുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്.

<u>ശുപാർശ 20 (ഖണ്ഡിക 30)</u>

ലിംഫ് ഫിറ്റിംഗ് സെന്ററിന്റെ പ്രവർത്തനം മന്ദീഭവിക്കാനിടയാക്കുന്നവിധത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഇല്ലാത്ത അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി ഒഴിവു വരുന്ന മുറയ്ക്കുതന്നെ പകരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലാ ആശുപത്രി യിലെ ഫിസിക്കൽ മെഡിസിൻ റിഹാബിലിറ്റേഷൻ യൂണിറ്റിൽ 2 കൺസൾട്ടന്റ് തസ്തി കയും ഒരു ജൂനിയർ കൺസൾട്ടന്റ് തസ്തികയുമാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇതിൽ 2 കൺസൾട്ടന്റ് തസ്തികയിലും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഇതിൽ 1 കൺസൾട്ടന്റ് ഡോക്ടർക്കാണ് ലിംഫ് ഫിറ്റിംഗ് സെന്ററിന്റെ ചുമതല. ജൂനിയർ കൺസൾട്ടന്റ് ചുമതല ഒഴിഞ്ഞുകിടക്കുകയാണ്. എന്നാൽ മഞ്ചേരി ജില്ലാ ആശുപത്രി യിലെ ചീഫ് കൺസൾട്ടന്റിന് ജില്ലാ ആശുപത്രിയിലെ മഞ്ചേരി പി.എം. ആർ. യൂണിറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിരിക്കുന്നതിനാൽ നിലവിൽ 3 ഡോക്ടർമാ രുടെ സേവനം പ്രസ്തുത യൂണിറ്റിൽ ലഭ്യമാണ്. നിലവിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ഉപയോഗപ്പെടുത്തി ജില്ലാ ലിംഫ് ഫിറ്റിംഗ് സെന്റർ പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാണ്.

<u>ശുപാർശ 21 (ഖണ്ഡിക 37)</u>

ഡോക്ടർമാരുടെ അപര്യാപ്തത ഉണ്ടെങ്കിലും പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പീഡിയാട്രിക്സ്, ഇ.എൻ.ടി., ഓർത്തോപീഡിക്സ്, ഓഫ്ത്താൽമോളജി എന്നീ സ്പെഷ്യാലിറ്റികൾ ഇവിടെ പ്രവർത്തിക്കുന്നു. സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതു കാരണം ഓപ്പറേഷൻ ആവശ്യമായിവരുന്ന കേസ്സുകൾ മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. 4 മെഡിക്കൽ ഓഫീസർമാരുടെ സേവനം ആവശ്യമായ ഇവിടെ ഒരു മെഡിക്കൽ ആഫീസർപോലും ഇല്ല. പോസ്റ്റ്മോർട്ടം, ലേബർ റൂം, അപകടത്തിൽപ്പെടുന്ന കേസ്സുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർമാരുടെ സേവനം അത്യന്താപേക്ഷിതമാണ്. ആകയാൽ സർജന്റേയും മെഡിക്കൽ ഓഫീസർമാരുടേയും ഒഴിവിൽ അടിയന്തിര നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പീഡിയാട്രിക്ക് സ്പെഷ്യാലിറ്റിയിൽ 3 തസ്തികകളാണുള്ളത്. നിലവിൽ ഒരു ഡോക്ടറും (ഇപ്പോൾ എൽ.പി.ആർ. വർക്കിംഗ് അറേഞ്ചുമെന്റിൽ 2 പേരും സേവനം അനുഷ്ഠിക്കുന്നു. ഇ.എൻ.റ്റി. 3 തസ്തികകളിൽ 2 പേരും ഓർത്തോപീഡിസിൽ 3-ൽ 2 പേരും ഓഫ്ത്താൽമോളജിയിൽ 2-ൽ ഒരു ഡോക്ടറും നിലവിലുണ്ട്. സർജറി സ്പെഷ്യാലിറ്റിയിൽ 2 തസ്തികകളിൽ 1 സർജൻ മാത്രമാണുള്ളത്. എന്നിരുന്നാലും ഓപ്പറേഷനുകൾ പരമാവധി ആശുപത്രിയിൽതന്നെ ചെയ്യുന്നുണ്ട്. അത്യാഹിത വിഭാഗത്തിൽ രണ്ട് മെഡിക്കൽ ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്.

ശുപാർശ 22 (ഖണ്ഡിക 38)

ലാബിൽ നിലവിലുള്ള അൾട്രാസ്ക്കാനിംഗ് മെഷീനും എക്സറേ മെഷീനും നന്നാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും ആവശ്യമായ എക്സ്റേ ടെക്നീഷ്യൻമാരെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ആശുപത്രി ഉപകരണങ്ങൾ യഥാസമയം നന്നാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുകയോ ആശുപത്രി നേരിട്ട് നന്നാക്കുന്നതിന് നടപടിയെടുത്താൽ അതിന്റെ ചെലവ് യഥാസമയം അനുവദിച്ചു നൽകുകയോ ചെയ്യുന്നതിനുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ ആശുപത്രിയിലെ ലാബ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. റിപ്പോർട്ടിൽ സൂചിപ്പിച്ച അൾട്രാസ്കാനിംഗ് മെഷീൻ പരിഹരിക്കാനാകാത്ത തകരാറുകൾ കാരണം ഗർഹണം (ലേലം ചെയ്യുക) ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പകരം പുതിയ മെഷീൻ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ എക്സ്റേ മെഷീൻ സ്ഥാപിച്ച് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽനിന്നും തുക ലഭ്യമാക്കുന്നുണ്ട്.

ശുപാർശ 23 (ഖണ്ഡിക 39)

ഒരു ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ തസ്തിക നിലവിലുള്ളത് ഒഴിഞ്ഞുകിടക്കുകയാണ്. നാളിതുവരെ ബ്ലഡ് ബാങ്ക് സൗകര്യം ഉണ്ടായിരുന്നില്ല. ബ്ലഡ് ബാങ്കിന്റെ ഉപകരണങ്ങൾ ഇപ്പോൾ ലഭിച്ചിട്ടുണ്ടെന്നും ആയത് ഉടനെ പ്രവർത്തനക്ഷമമാക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ബ്ലഡ് ബാങ്ക് സൗകര്യം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ ഒഴിവുള്ള ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. ആയതിനാൽ പ്രസ്തുത ഒഴിവുകളിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ച് ബ്ലഡ് ബാങ്ക് പ്രവർത്തനക്ഷമമാക്കുവാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക് സൗകര്യം ലഭ്യമാണ്. വിദഗ്ദ്ധ പരിശീലനം ലഭിച്ച 5 പേർ ജോലി ചെയ്യുന്നുണ്ട്. 2 പേർ ജില്ലാ ആശുപത്രിയിൽനിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് മുഖേനയും 3 പേർ കോൺട്രാക്റ്റ് വ്യവസ്ഥയിലും. ബ്ലഡ് ബാങ്ക് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ബ്ലഡ് കംപോണന്റ് സെപ്പറേഷന് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ശുപാർശ 24 (ഖണ്ഡിക 40)

മാലിന്യ സംസ്ക്കരണത്തിനായി ഒരു ഡീസൽ ഇൻസിനറേറ്റർ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ മാലിന്യ സംസ്കരണം 'ഇമേജ്'മായുള്ള കരാർ പ്രകാരവും മുനിസിപ്പാലിറ്റി മുഖേനയും നടത്തുന്നു. ജില്ലയിലെ 'സീറോ വേസ്റ്റ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ശുപാർശ 26 (ഖണ്ഡിക 43)

കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ഇനത്തിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക ഒടുക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ആശുപത്രിയിൽ ചെലവായ വൈദ്യുതി, കുടിവെള്ളം എന്നിവയ്ക്ക് കുടിശ്ശിക യായി തുകയൊന്നും ഇപ്പോൾ നിലവിലില്ല.

ശുപാർശ 27 (ഖണ്ഡിക 46)

ആശുപത്രിയിൽ കംപ്ലയിന്റ്/സജഷൻ ബോക്സ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ പരാതികളും നിർദ്ദേശങ്ങളും നിക്ഷേപിക്കു ന്നതിനുള്ള പെട്ടി സ്ഥാപിച്ചിട്ടുണ്ട്.

ശുപാർശ 28 (ഖണ്ഡിക 49)

പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുമ്പോൾ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം സമഗ്രവും കുറ്റമറ്റതുമാക്കി മാറ്റുന്നതിനായി നിലവിലുള്ള യൂണിറ്റുകൾക്കുപുറമേ

മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം, സർജറി വിഭാഗം, മനോരോഗ ചികിത്സാ വിഭാഗം, ത്വക്‌രോഗ ചികിത്സാ വിഭാഗം, അനസ്തഷ്യോളജി വിഭാഗം, ഹൃദ്‌രോഗ ചികിത്സാ വിഭാഗം എന്നിവകൂടി ആരംഭിക്കേണ്ടിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുമ്പോൾ മേൽപ്പറഞ്ഞ ചികിത്സാ വിഭാഗങ്ങൾ അടിയന്തിരമായി കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റിയപ്പോൾ നിലവിലുള്ള യൂണിറ്റുകൾക്ക് പുറമേ മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗം, മനോരോഗ വിഭാഗം, ത്വക്ക് രോഗ വിഭാഗം, അനസ്തഷ്യോളജി വിഭാഗം തുടങ്ങിയവ ആരംഭിച്ചിരുന്നു. ഹൃദ്‌രോഗ വിഭാഗം പ്രവർത്തനമാരംഭിച്ചില്ല. മെഡിസിൻ വിഭാഗത്തിൽ 2 തസ്തികകളിൽ 2 പേരും ഗൈനക്കോളജി വിഭാഗത്തിൽ 3-ൽ രണ്ട് പേരും സർജറി വിഭാഗത്തിൽ 2-ൽ ഒരാളും മനോരോഗവിഭാഗത്തിൽ ഒരാളും അനസ്തഷ്യോളജി വിഭാഗത്തിൽ ഒരു ഡോക്ടറും നിലവിൽ ജോലി ചെയ്യുന്നു.

## ശുപാർശ 29 (ഖണ്ഡിക 51)

ജില്ലാ ആശുപത്രി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അനുഭാവപൂർവ്വം പരിഗണിച്ച് ആശുപത്രി സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നും ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ എത്രയുംവേഗം ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ജില്ലാ ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിലേയ്ക്ക് അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുതായി 50 തസ്തികകൾ അനുവദിച്ചു.

## ശുപാർശ 30 (ഖണ്ഡിക 52)

ജില്ലാ ആശുപത്രികളുടെ പ്രവർത്തനം പുതിയ ആശുപത്രിയിലേയ്ക്ക് മാറ്റുമ്പോൾ താഴെപ്പറയുന്ന ഉപകരണങ്ങൾകൂടി ലഭ്യമാക്കി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

| | | | |
|---|---|---|---|
| (1) | ഇൻസിനറേറ്റർ | .. | 1 |
| (2) | പവർ ലോൺട്രി | .. | 1 |
| (3) | അൾട്രാ സൗണ്ട് സ്കാനർ | .. | 1 |
| (4) | എക്സ്റേ മെഷീൻ | .. | 1 |
| (5) | സി. ടി. സ്കാനർ | .. | 1 |
| (6) | ഫാക്സ് മെഷീൻ | .. | 1 |
| (7) | സി. ആം. (c-Arm) | .. | 1 |

| | | | |
|---|---|---|---|
| (8) | ഹിസ്റ്റോ സ്കോപ്പ് (എല്ലാ അക്സസറികളും സഹിതം) | .. | 1 |
| (9) | ആട്ടോ മെഷീൻ | .. | 1 |
| (10) | ആട്ടോ അനലിസ്റ്റ് | .. | 1 |
| (11) | ആർത്രോ സ്കോപ്പ് | .. | 1 |
| (12) | എലീസാ റീഡർ | .. | 1 |
| (13) | ഓപ്പറേറ്റിംഗ് | .. | 1 |
| (14) | ഓപ്പറേറ്റിംഗ് ലാപ്പറോസ്കോപ്പ് (മോണിറ്റർ ഒഴികെ മറ്റ് അക്സസറീസ് എല്ലാം) | .. | 1 |

സർക്കാർ സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടം 31-5-2005-ന് ഉദ്ഘാടനം ചെയ്ത് 11-7-2005-ന് പ്രവർത്തനം ആരംഭിച്ചു. ആശുപത്രിയിലെ മാലിന്യങ്ങൾ സംസ്ക രിക്കുന്നതിന് പാലക്കാട് കേന്ദ്രമാക്കി ഐ.എം.എ. നടത്തുന്ന IMAGE എന്ന സി.റ്റി.സി. (കോമൺ ട്രീറ്റ്മെന്റ് ഫെസിലിറ്റി)-യുടെ സേവനം ലഭിക്കുന്നുണ്ടെന്നതിനാൽ ഇപ്പോൾ ഇൻസിനറേറ്റർ സ്ഥാപിക്കേണ്ട ആവശ്യമില്ല. പവർ ലോൺട്രി സ്ഥാപിക്കുന്നതും, അൾട്രാ സൗണ്ട് സ്കാനർ വാങ്ങുന്നതും ജില്ലാ പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. പഴയ കെട്ടിടത്തിൽ ഇപ്പോഴും എക്സ്റേ യൂണിറ്റിന്റെ സേവനം നൽകി വരുന്നുണ്ട്. (ഇത് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.) ട്രോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഒന്നര കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി സി.ടി. സ്കാനർ സ്ഥാപിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ഫാക്സ് മെഷീൻ, സി. ആം., ഹിസ്റ്റോസ്കോപ്പ്, ആട്ടോമെഷീൻ, ആട്ടോ അനലിസ്റ്റ്, ഓപ്പറേറ്റിംഗ് ലാപ്രോസ്കോപ്പ് എന്നീ ഉപകരണങ്ങൾ വാങ്ങുന്നകാര്യവും ജില്ലാ പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. ആർത്രോസ്കോപ്പ്, എലീസാ റീഡർ എന്നിവകൂടി ലഭ്യമാക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

വിശദമായ അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

പവർ ലോൺട്രി, അൾട്രാ സൗണ്ട് സ്കാനർ, എക്സ്റേ മെഷീൻ, ഫാക്സ് മെഷീൻ, സി.ആം.ആട്ടോമിസ്റ്റ്, എലീസാ റീഡർ, ഓപ്പറേറ്റിംഗ് ലാപ്പറോസ്കോപ്പ് എന്നീ ഉപകരണങ്ങൾ ജില്ലാ ആശുപത്രിയിൽ ലഭ്യമാണ്.

ഇൻസിനറേറ്റർ ലഭ്യമല്ലെങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിന് 'ഇമേജ്' എന്ന ഏജൻസിയുടെയും കാഞ്ഞങ്ങാട് നഗരസഭയുടെയും സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്. സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത നിലവിലുള്ളതിനാൽ സി. ടി. സ്കാൻ സ്ഥാപിച്ചിട്ടില്ല.

ഹിസ്റ്റോസ്കോപ്പ്, ആർത്രോസ്കോപ്പ് എന്നീ ഉപകരണങ്ങൾ ലഭ്യമല്ല.

ശുപാർശ 31 (ഖണ്ഡിക 53)

ജില്ലാ ആശുപത്രിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുമ്പോൾ ഇപ്പോഴത്തെ കെട്ടിടത്തിൽ പഴയ താലൂക്ക് ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പഴയ കെട്ടിടത്തിൽ ഇപ്പോൾ നേഴ്സിംഗ് സ്ക്കൂൾ പ്രവർത്തിക്കുന്നു.

ശുപാർശ 32 (ഖണ്ഡിക 54)

മത്സ്യത്തൊഴിലാളികളും ഗിരിവർഗ്ഗക്കാരും പിന്നോക്കവിഭാഗക്കാരുമായ ആളുകൾ പ്രധാനമായും ആശ്രയിക്കുന്നത് കാസർഗോഡ് ജില്ലാ ആശുപത്രിയാണ്. പകർച്ചവ്യാധികളും സാംക്രമികരോഗങ്ങളും ഉണ്ടാകാനുള്ള സാഹചര്യം കണക്കിലെടുത്ത് ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾക്ക് കാസർഗോഡ് ജില്ലയ്ക്ക് മുൻഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പകർച്ചവ്യാധികളും സാംക്രമിക രോഗങ്ങളും പടർന്ന് പിടിക്കാതിരിക്കാൻ ജില്ലയിൽ മുൻകരുതലുകൾ സ്വീകരിച്ച് വരുന്നു. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

## അദ്ധ്യായം III

## ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും

ശുപാർശ 9 (ഖണ്ഡിക 16)

തടവുകാർക്കായുള്ള സെല്ലിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികൾക്ക് ജയിലിൽനിന്നും ഭക്ഷണം (റേഷൻ) ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന ദിവസം മുതൽക്കുതന്നെ എത്തിച്ചുകൊടുക്കുന്നതിനും പുറമേനിന്ന് ലഭ്യമാക്കേണ്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനും തടവുകാരെ പരിശോധനകൾക്കും മെഡിക്കൽ കോളേജിലേക്കും യഥാസമയം കൊണ്ടുപോകുന്നതിനും ആവശ്യമായ പോലീസുകാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി (ആഭ്യന്തര വകുപ്പ്)

ഉത്തരമേഖലയിൽ ആവശ്യമായ പോലീസുകാരെ ഇത്തരത്തിലുള്ള അറിയിപ്പു ലഭിക്കുന്ന മുറയ്ക്ക് നിയോഗിച്ചുവരുന്നുണ്ട്. കൂടാതെ ഇപ്രകാരം പോലീസുകാരെ നിയോഗിക്കാൻ, ദക്ഷിണമേഖലയിലെ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അവ്യക്തമാണെന്ന് സമിതി അഭിപ്രായപ്പെടുകയും ആശുപത്രി സെല്ലുകളിലെ തടവുകാർക്ക് ഭക്ഷണം നൽകുന്നതിനുള്ള ചുമതല ആർക്കാണെന്ന് ആഭ്യന്തര വകുപ്പിനോട് ആരായാൻ നിർദ്ദേശിച്ചു.

ശുപാർശ 25 (ഖണ്ഡിക 42)

പുതിയ ആശുപത്രി കെട്ടിടത്തിനോട് അനുബന്ധമുള്ള സ്ഥലത്ത് ഒരു പുതിയ നഴ്സിംഗ് സ്ക്കൂൾ കെട്ടിടം പണി കഴിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പാലക്കാട് ജില്ലാ ആശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനം തുടരുന്നു. പഴയ കെട്ടിടത്തിൽ ഇപ്പോൾ നഴ്സിംഗ് സ്ക്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

'പാലക്കാട് ജില്ലാ ആശുപത്രി' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ജൂലായ്, 16.